# സർക്കുലർ

04/NSS/DHSE/2018 08/01/2018

ഭാരതത്തിലെ യുവജനതയുടെ ആവേശമായ സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12 **ദേശീയയുവജന**ദിനമായി ആചരിക്കുന്നു. ലോകത്ത് ഏറ്റവും കൂടുതൽ യുവാക്കളുള്ള രാജ്യങ്ങളിലൊന്നായ ഭാരതത്തിൽ വിവേകാനന്ദന്റെ ആശയങ്ങൾ യുവാക്കൾക്ക് വലിയതോതിൽ പ്രചോദനകരമാണ്. ഈ വർഷത്തെ യുവജന ദിനത്തിൽ ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം യുവാക്കളെ പ്രകൃതിയുമായി ബന്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ യൂണിറ്റുകളിൽ **"പ്രകൃതിയെ അറിയുക പ്രകൃതിയുമായി സംവദിക്കുക"** എന്ന പരിപാടി സംഘടിപ്പിക്കേണ്ടതാണ്. പ്രകൃതിയെ അറിയാനും പ്രകൃതിസൗഹൃദ ജീവിത രീതിക്കുമായി വോളണ്ടിയർമാരെ പ്രേരിപ്പിക്കുന്നതുമായ പരിപാടികൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കേണ്ടതാണ്. വനയാത്ര, ബോധവൽക്കരണ പരിപാടികൾ, ആദിവാസി ഊര് സന്ദർശനം, ഫോട്ടോ പ്രദർശനങ്ങൾ, ചിത്രരചനാ മത്സരങ്ങൾ , റാലി മുതലായവയിലേതെങ്കിലും സംഘടിപ്പിക്കേണ്ടതാണ്.

ദേശീയ യുവജനദിനത്തിന്റെ സംസ്ഥാനതല പരിപാടി തിരുവനന്തപുരം ജില്ലയിലെ ആദിവാസി ഊരായ പോട്ടോമാവിൽ(വേങ്കൊല്ല) സംഘടിപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ട വനയാത്രയിൽ (ജനുവരി 12ന് രാവിലെ 7.30 ന് ആരംഭിക്കുന്നു) പങ്കെടുക്കാൻ താൽപര്യമുള്ള തിരുവനന്തപുരം ജില്ലയിലെ എൻഎസ്എസ് വോളണ്ടിയർമാർ പ്രോഗ്രാം ഓഫീസർമാർ മുഖാന്തിരം 9/01/2018 5മണിക്ക് മുൻപായി ജില്ലാ കൺവീനറെ (9447071661) ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ